(ഇ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ജനങ്ങളുടെ ആശങ്കകൾ പഠിച്ച് തയ്യാറാക്കിയ ഡോ.ഉമ്മൻ.വി.ഉമ്മൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് കേന്ദ്രസർക്കാർ മേൽ സൂചിപ്പിച്ച കരട് വിജ്ഞാപനം പുറപ്പടുവിച്ചിട്ടുള്ളത്. എല്ലാ ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ചുള്ള നടപടികളാണ് ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള പരിസ്ഥിതി ലോല പ്രദേശങ്ങൾ കമ്മിറ്റി സന്ദർശിച്ച് സിറ്റിംഗ് നടത്തുകയും സാറ്റലൈറ്റ് മാപ്പിലെ അപാകതകൾ ഒഴിവാക്കി പഞ്ചായത്തുതല കമ്മിറ്റികൾ അംഗീകരിച്ച കഡസ്ട്രൽ മാപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്

18(22) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം 2 വർഷത്തിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം എത്രകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ശിപാർശ ചെയ്തിട്ടുള്ളതെന്നും ഇതിന്റെ എത്ര ശതമാനമാണ് ജില്ലയിൽ ഈ വർഷങ്ങളിൽ നടപ്പിലാക്കിയതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം 2 വർഷത്തിനകം 5.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ആകെ 11123.07 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ശിപാർശ ചെയ്തിട്ടുള്ളത്. ആയതിന്റെ 0.05 ശതമാനമാണ് ജില്ലയിൽ വികസന പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. 2014-15 വർഷത്തേയ്ക്ക് പ്രഭാകരൻ കമ്മീഷൻ റിപ്പാർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ വിവിധ പദ്ധതികൾക്കായി 75 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. 2014-15-ലെ ചെലവ് 75 കോടി രൂപയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയോടെ 99.38 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയും നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly